# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2014 — 14/07/2011-ൽ മറുപടിക്ക്

## വനാവകാശ നിയമം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | കേന്ദ്ര വനാവകാശ നിയമം ആദിവാസികൾക്ക് നൽകുന്ന ഉറപ്പുകൾ എന്തെല്ലാമാണ് ; | കേന്ദ്ര വനാവകാശ നിയമം, 2006 പ്രകാരം വനഭൂമിയിൽ തലമുറകളായി താമസിച്ചിരിക്കുന്നവരും എന്നാൽ അവകാശങ്ങൾ രേഖപ്പെടുത്താൻ കഴിയാത്തവരുമായ പട്ടികവർഗ്ഗക്കാരുടെ വനാവകാശങ്ങളും വനഭൂമിയിലെ ജീവിതവൃത്തിയും അംഗീകരിക്കുന്നതിനും നിക്ഷിപ്തമാക്കുന്നതിനും വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനും ഈ നിയമ പ്രകാരം സാധിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് 2005 ഡിസംബർ 13 നോ അതിനു മുൻപോ കൈവശമുണ്ടായിരുന്ന വനഭൂമിയാണ് ഈ നിയമ പ്രകാരം ലഭിക്കുക. അതിനുമുൻപ് കൈവശമുണ്ടായിരിക്കുകയും ഡാമുകളുടെ നിർമ്മാണം, വന്യജീവി സങ്കേതങ്ങൾ, വനം പ്ളാന്റേഷനുകൾ മുതലായ സർക്കാർ പദ്ധതികൾക്കായി ഏറ്റെടുക്കുകയും ചെയ്ത വനഭൂമിക്ക് പകരം ഭൂമിയോ, ആ വനഭൂമി തന്നെയോ പട്ടികവർഗ്ഗക്കാരന് നൽകാനും വ്യവസ്ഥയുണ്ട് (Right to in situ rehabilitation-Section 3(1)m).<br><br>മൂന്നുതരം അവകാശങ്ങളാണ് വനാവകാശ നിയമ പ്രകാരം പ്രധാനമായും സ്ഥാപിച്ചുകിട്ടുന്നത് (1)വ്യക്തിഗത അവകാശങ്ങൾ (Individual Rights) (2) പൊതു അവകാശങ്ങൾ (Community Rights) (3) വികസന ആവശ്യങ്ങൾക്കുള്ള അവകാശങ്ങൾ (Development Rights). |

<table>
<tr><td>ബി</td><td>കേന്ദ്ര വനാവകാശ നിയമം നടപ്പാക്കുന്നതിനെക്കുറിച്ച് പഠിക്കാൻ എതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ വ്യക്തമാക്കുമോ;</td><td rowspan="2"><u>(ബി)യും (സി)യും</u><br><br>ഉണ്ട്. വനാവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് അവലോകനം നടത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന്റെയും ഒരു സംയുക്ത സമിതിയെ കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഈ സമിതി 2010 ജൂലൈ 2 മുതൽ 5 വരെയുള്ള തീയതികളിൽ സംസ്ഥാനം സന്ദർശിച്ച് വനാവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തുകയുണ്ടായി. ഇവർ സമർപ്പിച്ച റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ സമിതിയുടെ കണ്ടെത്തലുകളാണുള്ളത്; പ്രത്യേക ശുപാർശ കളൊന്നുമില്ല.</td></tr>
<tr><td>സി</td><td>ഇവ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?</td></tr>
</table>

**സെക്ഷൻ ഓഫീസർ**